കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്-വട്ടച്ചിറ-പുളിക്കൽ കോളനി കുടിവെള്ള പദ്ധതിയിലെ ക്രമക്കേട്-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.റ്റി.കെ.അഭിലാഷിനെതിരെയുള്ള അച്ചടക്ക നടപടി-തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നം.2502 /2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 21.7.2017

പരാമർശം : 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27/02/2016 ലെ E12 (SC1/2015/KKD)21138/2015 നമ്പർ കത്ത്.

2. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.റ്റി.കെ.അഭിലാഷിന് സർക്കാരിൽ നിന്നും 28/05/2016 ൽ നൽകിയ 547053/ഇ.ആർ.ബി1/2016/തസ്വഭവ നമ്പർ കുറ്റപത്രവും, കുറ്റാരോപണപത്രികയും.

3. ശ്രീ.റ്റി.കെ.അഭിലാഷ് 19/07/2016 ൽ സമർപ്പിച്ച പ്രതിവാദപത്രിക.

4. ഗ്രാമവികസന കമ്മീഷണറുടെ 28/12/2016 ലെ 9295/എസ്റ്റാ.എ 4/2016/സി.ആർ.ഡി നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വട്ടച്ചിറ-പുളിക്കൽ കോളനി കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ചെക്ക് ഡാം നിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് യൂണിറ്റ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

ചെക്ക് ഡാമിന്റെ പ്രവൃത്തി നടന്നു കൊണ്ടിരിക്കെ അപ്രതീക്ഷിതമായുണ്ടായ മഴയിൽ വെള്ളത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് നിർമ്മാണ പ്രവൃത്തി തകരാനിടയായത് നിർമ്മാണത്തിലെ അപാകത കാരണമാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.റ്റി.കെ.അഭിലാഷ് ഇക്കാര്യത്തിൽ കുറ്റക്കാരനാണെന്നും വിജിലൻസ് വകുപ്പ് കണ്ടെത്തുകയുണ്ടായി. ശ്രീ.റ്റി.കെ.അഭിലാഷിന് പരാമർശം (2) പ്രകാരം സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. കുറ്റപത്രത്തിനെതിരെ പരാമർശം (3) പ്രകാരം ശ്രീ.റ്റി.കെ.അഭിലാഷ് പ്രതിവാദപത്രിക സമർപ്പിച്ചു വയലട നീർത്തടത്തിലെ വട്ടച്ചിറ ചെക്ക് ഡാം നിർമ്മാണ പ്രവൃത്തിക്ക് 11/03/2015 ൽ ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ച് കരാറിലേർപ്പെട്ടിട്ടുള്ളതാണെന്നും പ്രസ്തുത പ്രവൃത്തി നടന്നുകൊണ്ടിരിക്കെ അപ്രതീക്ഷിതമായി പെയ്ത ശക്തമായ മഴയിൽ ഉണ്ടായ വെള്ളത്തിന്റെ കുത്തൊഴുക്കിൽപെട്ട് നിർമ്മാണ പ്രവൃത്തി തകരാനിടയായെന്നും സിവിൽ വർക്കുകൾ ചെയ്യുന്നതിൽ പ്രത്യേക സാങ്കേതിക പരിജ്ഞാനം ഒന്നും തന്നെ ഇല്ലാത്ത തനിക്ക് പ്രസ്തുത പ്രവൃത്തി ഇംപ്ലിമെന്റ് ചെയ്തതിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് മന:പൂർവ്വമായിരുന്നില്ലെന്നും സദയം ക്ഷമിച്ച് ശിക്ഷണനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും പ്രതിവാദ പത്രികയിൽ ശ്രീ.റ്റി.കെ.അഭിലാഷ് ബോധിപ്പിച്ചു.

ശ്രീ.റ്റി.കെ.അഭിലാഷിന്റെ പ്രതിവാദപത്രികയിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു മറ്റത്തിൽ താഴെ പാലത്തിന് 15 മീറ്റർ താഴെ ഭാഗത്തായി 8.5 മീ നീളത്തിലും 60 സെ.മീ വീതിയിലും 40 സെ.മീ ആഴത്തിൽ ഫൗണ്ടേഷൻ എടുത്ത് കരിങ്കല്ല് കെട്ടുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതെന്നും 8.5 മീ നീളത്തിലുള്ള കരിങ്കൽക്കെട്ട് 6 മീറ്ററോളം മഴയത്ത് ഒലിച്ചു പോയതായും തോടിന്റെ ഇരുകരയിലും പാർശ്വഭിത്തി നിർമ്മിച്ചതിന്റെ ഭാഗങ്ങളും പൊളിഞ്ഞു പോയിട്ടുള്ളതായും ചെക്ക് ഡാം 40

സെന്റീമീറ്റർ ആഴത്തിൽ ഫൗണ്ടേഷൻ എടുത്ത് കെട്ടേണ്ടതാണെങ്കിലും ഫൗണ്ടേഷൻ കെട്ടിയിട്ടില്ലെന്നും കമ്മീഷണർ റിപ്പോർട്ടു ചെയ്തു. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സ്ഥലപരിശോധന നടത്തുന്നതിലും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളാണോ ചെയ്യുന്നതെന്ന് വിലയിരുത്തുന്നതിലും അപാകതകൾ മേൽ ആഫീസിലേക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ശ്രീ.റ്റി.കെ.അഭിലാഷ് വീഴ്ചവരുത്തിയതായി ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെക്ക ഡാം 40 സെ.മീ.താഴ്ച്ചയിൽ ഫൗണ്ടേഷൻ എടുത്ത് കെട്ടേണ്ടതാണെന്ന് എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുണ്ടെങ്കിലും അപ്രകാരം ഫൗണ്ടേഷൻ എടുത്തിട്ടില്ല. തോട്ടിലെ ഭൂനിരപ്പിനു മുകളിൽ കരിങ്കല്ല് അടുക്കി വച്ചതിനാലാണ് വെള്ളത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചുപോയത്. മലയോര മേഖലയായ കൂരാച്ചുണ്ട് ദേശത്ത് അശാസ്ത്രീയമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ചത് സാങ്കേതിക വിഭാഗം ജീവനക്കാരുടെ വീഴ്ചയാണെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണോദ്യോഗസ്ഥൻ എന്ന നിലയിൽ എം-ബുക്കിൽ അളവുകൾ രേഖപ്പെടുത്തി സൂക്ഷിക്കാതിരുന്നതും നിർമ്മാണത്തിലെ അപാകതകൾ മേൽ ആഫീസിലേക്ക് യഥാസമയം റിപ്പോർട്ട് ചെയ്യാതിരുന്നതും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.റ്റി.കെ.അഭിലാഷിന്റെ ഭാഗത്തു നിന്നുള്ള കൃത്യവിലോപമാണ്. അതിനാൽ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വട്ടച്ചിറ-പുളിക്കൽ കോളനി കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ചെക്ക് ഡാം നിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.റ്റി.കെ.അഭിലാഷിനെതിരെ KCS&CCA Rule ചട്ടം 16 പ്രകാരം സ്വീകരിച്ച അച്ചടക്കനടപടി, ടിയാന്റെ വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.ഷാജഹാൻ,ഐ.എ.എസ്
സെക്രട്ടറി

1) ശ്രീ.റ്റി.കെ.അഭിലാഷ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കൂരാച്ചുണ്ട് , ബാലുശ്ശേരി ബ്ലോക്ക്, കോഴിക്കോട് (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ